**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 693** **28-01-2026 - ൽ മറുപടിയ്ക്ക്**

**ചിറയിൻകീഴ് മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2016 മെയ് മുതൽ ചിറയിൻകീഴ് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിയ പദ്ധതികൾ വിശദമാക്കാമോ; ഓരോ പദ്ധതികൾക്കും അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | **കെ.എസ്.ഇ.ബി.എൽ.**<br><br>ചിറയിൻകീഴ് നിയോജക മണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി Rs.15,30,000/- (പതിനഞ്ച് ലക്ഷത്തി മുപ്പതിനായിരം) രൂപ ചിലവിൽ 34 kW സ്ഥാപിത ശേഷിയിൽ 9 പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>കൂടാതെ ടി നിയോജക മണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന ഒരു ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനും, 5 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്.<br><br>വിശദവിവരങ്ങൾ **അനുബന്ധം-I** ആയി ചേർത്തിട്ടുണ്ട്.<br><br>ചിറയിൻകീഴ് മണ്ഡലത്തിൽ വിതരണ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ **അനുബന്ധം–II** ആയി ചേർത്തിരിക്കുന്നു.<br><br>**അനെർട്ട്**<br><br>അനെർട്ടിന്റെ ഡെപ്പോസിറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ വിവിധ സർക്കാർ കെട്ടിടങ്ങളിൽ ആകെ 15 കിലോവാട്ട് സ്ഥാപിത ശേഷി വരുന്ന **ഗ്രിഡ് ബന്ധിത സൗരോർജ്ജ** നിലയങ്ങൾ (2 എണ്ണം) 5 കിലോവാട്ട് സ്ഥാപിത ശേഷി വരുന്ന **ഓഫ്ഗ്രിഡ് സൗരോർജ്ജ** നിലയം (2 എണ്ണം) എന്നിവ സ്ഥാപിച്ചു. ഇതിനായി ആകെ 14,70,761/- രൂപ ചെലവഴിച്ചു. കരവാരം ഗ്രാമ പഞ്ചായത്തിനു കീഴിൽ 10 എണ്ണം സൗരോർജ്ജ തെരുവ് വിളക്കുകൾ സ്ഥാപിച്ച വകയിൽ രൂപ 8,60,000/-രൂപ ചെലവഴിച്ചു. വിശദാംശങ്ങൾ **അനുബന്ധം-3** ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | അനെർട്ടിന്റെ ഹരിത വരുമാന പദ്ധതി **(**സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചു നൽകി**,** അവർക്ക് സൗജന്യ വൈദ്യുതിയും ഒപ്പം ശേഷിക്കുന്ന അധിക വൈദ്യുതി കെ**.**എസ്**.**ഇ**.**ബി**.**എൽ**.** ഗ്രിഡിലേക്കു നൽകുന്നത് വഴി വരുമാനവും ലഭ്യമാക്കുന്ന പദ്ധതി**)** വഴി 30 വീടുകളിലായി 87 കിലോവാട്ട് സ്ഥാപിത ശേഷി വരുന്ന ഗ്രിഡ് ബന്ധിത സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചു. പൂർണ്ണമായും സൗജന്യമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ വിഹിതമായി 38,81,334/- രൂപയും കേന്ദ്ര സർക്കാർ വിഹിതമായി 16,67,139/- രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | മണ്ഡലത്തിൽ പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ? | (ബി) | **<u>കെ.എസ്.ഇ.ബി.എൽ.</u>**<br><br>വിതരണ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ **അനുബന്ധം–IV** ആയി ചേർത്തിരിക്കുന്നു**.** ചിറയിൻകീഴ് കേന്ദ്രമാക്കി പ്രസരണ മേഖലയിൽ പുതിയ 33 kV സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു.<br><br>**<u>അനെർട്ട്</u>**<br><br>• അഞ്ചുതെങ്ങ് പഞ്ചായത്തിന്റെ കീഴിൽ വിവിധ സ്ഥലങ്ങളിലായി **സൗരോർജ്ജ** തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി പ്രാരംഭ പഠന റിപ്പോർട്ട് സമർപ്പിച്ചു. കൂടാതെ, സൗര റാന്തലുകൾ വിതരണം ചെയ്യുന്നതിനും റിപ്പോർട്ട് തയ്യാറാക്കി വരുന്നു.<br>• ചിറയിൻകീഴ് താലൂക്ക് ആശുപത്രി കെട്ടിടങ്ങളിൽ 50 കിലോവാട്ട് സ്ഥാപിത ശേഷി വരുന്ന **ഗ്രിഡ് ബന്ധിത സൗരോർജ്ജ** നിലയം സ്ഥാപിക്കുന്നതിന്റെ ഭാഗമായി പ്രാരംഭ പഠന റിപ്പോർട്ട് ബന്ധപ്പെട്ടവർക്ക് സമർപ്പിച്ചിട്ടുണ്ട്.<br>• കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ആയുർവേദ ആശുപത്രിയിൽ 8 കിലോവാട്ട് സ്ഥാപിത ശേഷി വരുന്ന **ഗ്രിഡ് ബന്ധിത സൗരോർജ്ജ** നിലയം സ്ഥാപിക്കുന്നതിന്റെ ഭാഗമായി പ്രാരംഭ പഠന റിപ്പോർട്ട് ബന്ധപ്പെട്ട മേധാവിയ്ക്ക് സമർപ്പിച്ചു**.** |

സെക്ഷൻ ഓഫീസർ

അനുബന്ധം-I

*List of Pole mounted Charging Stations in Chirayinkeezhu Constituency*

| SL No. | Location Name | Section | Amount (in Lakhs) |
|---|---|---|---|
| 1 | Near Saarkara Temple gate | Chirayinkeezhu | 1.39 |
| 2 | Near Kizhuvilam Panchayath office | Chirayinkeezhu | |
| 3 | Near Kadakkavoor Railway station | Kadakkavoor | |
| 4 | Arattumukku Jn | Kaniyapuram | |
| 5 | Chembakamangalam | Mangalapuram | |
| | *DC Fast Charging Station* | | |
| **SL No.** | **Location Name** | | |
| 1 | Avanavanchery Section | | **33.4** |

# അനുബന്ധം–II

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പ്രവൃത്തികളുടെ എണ്ണം | തുക (ലക്ഷത്തിൽ) | പ്രവർത്തികളുടെ വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | ദ്യുതി 1.0, 2.0 | 179 | 1452.0 | 1. 11 കെ.വി. ലൈനുകൾ നിർമ്മാണം - 5.65 കി.മീ.,.<br>2. എൽ.ടി ലൈനുകൾ നിർമ്മാണം - 8.442 കി.മീ<br>3. വിതരണ ട്രാൻസ്ഫോർമർ - 25 എണ്ണം,<br>4. എൽ.ടി. റീ കൺഡക്ടറിംഗ്- 62.65കി.മീ.<br>5. 11 കെ.വി. റീ കൺഡക്ടറിംഗ്-1.7 കി.മീ<br>6. ആർ എം യു സ്ഥാപിച്ചത്- 9 എണ്ണം |
| 2 | ആർ ഡിഎസ്എസ് | 2 | 58.61 | എച്ച്.ടി എ.ബി.സി 2.926km പൂർത്തീകരിച്ചു.<br>എൽ.ടി എബിസി 6.931km പൂർത്തീകരിക്കാനുണ്ട്. |
| 3 | പിപിഎസ് | | 180.60 | സ്ട്രീറ്റ് മെയിൻ നിർമ്മാണം- 115.065 km |
| 4 | MP LAD | 1 | 2.15 | മുതലപ്പൊഴിയിൽ 380 മീറ്റർ എൽ.ടിഎ.ബി കേബിൾ വലിച്ച് മിനിമാസ്റ്റ് ലൈറ്റുകൾക്ക് വൈദ്യുതികണക്ഷൻ നൽകുന്ന പ്രവൃത്തി |

**അനുബന്ധം-3**

## <u>ചിറയിൻകീഴ് മണ്ഡലത്തിൽ അനെർട്ട് മുഖേന നടപ്പിലാക്കിയ പദ്ധതികൾ</u>

| ക്രമ. നം. | പദ്ധതിയുടെ പേര് | ചെലവാക്കിയ തുക | ഇനം |
|---|---|---|---|
| 1. | മംഗലപുരം ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ച 10 kW ഗ്രിഡ് ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് | Rs. 5,45,680/- | ഓൺ ഗ്രിഡ് |
| 2. | വക്കം ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ച 5 kW ഗ്രിഡ് ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് | Rs. 3,34,980/- | ഓൺ ഗ്രിഡ് |
| 3. | വക്കം ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ച 2 kW ഓഫ് ഗ്രിഡ് സൗരോർജ്ജ പവർ പ്ലാന്റ് | Rs. 2,21,000/- | ഓഫ് ഗ്രിഡ് |
| 4. | വക്കം ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ച 3 kW ഓഫ് ഗ്രിഡ് സൗരോർജ്ജ പവർ പ്ലാന്റ് | Rs. 3,69,101/- | ഓഫ് ഗ്രിഡ് |
| 5. | കരവാരം ഗ്രാമ പഞ്ചായത്തിനു കീഴിൽ സ്ഥാപിച്ച 10 എണ്ണം സൗരോർജ്ജ തെരുവു വിളക്കുകൾ | Rs. 8,60,000/- | സൗരോർജ്ജ തെരുവു വിളക്കുകൾ |

## ചിറയിൻകീഴ് മണ്ഡലത്തിൽ വിതരണ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

| ക്രമ. നമ്പർ | പദ്ധതിയുടെ പേര് | പ്രവൃത്തികളുടെ എണ്ണം | തുക (ലക്ഷത്തിൽ) | പ്രവൃത്തികളുടെ വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | ആർ ഡിഎസ്എസ് | 2 | 18.63 | എൽ.ടി എബിസി (റീകൺഡക്ടറിംഗ്)- 6.931km |
| 2 | ദ്യുതി2.0 | 73 | 1237 | 1. 11 കെ.വി. ലൈനുകൾ നിർമ്മാണം - 1.7 കി.മീ.<br>2. എൽ.ടി. ലൈനുകൾ നിർമ്മാണം - 1.675 കി.മീ.<br>3. വിതരണ ട്രാൻസ്ഫോർമർ - 30 എണ്ണം,<br>4. ആർഎംയു - 14 എണ്ണം<br>5. എൽ.ടി. റീകൺഡക്ടറിംഗ് - 21.585 കി.മീ.<br>6. 11 കെ.വി. യു. ജി കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തി - 8 കി.മീ |